## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2930

13.03.2018 - ൽ
മറുപടിയ്ക്ക്

### കാർഷിക സർവകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ. പി. | ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക സർവകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ട ശേഷം ഏതെല്ലാം തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ; ദീർഘകാലമായി പല തസ്തികകളിലും നിയമനങ്ങൾ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇത്തരം നിയമനങ്ങൾ നടത്താത്തത് സർവകലാശാലയുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കാർഷിക സർവകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷനു വിട്ടശേഷം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ സ്റ്റാറ്റ്യൂട്ട് നിലവിലില്ലാത്ത തസ്തികകൾക്ക് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി ബഹു. ഗവർണ്ണറുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അതോടൊപ്പം അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് വിട്ട് നൽകിയ സാഹചര്യത്തിൽ ടി തസ്തികകളുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്.<br><br>പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം നടത്താനായി നിശ്ചയിച്ചിരിക്കുന്ന അനദ്ധ്യാപക തസ്തികകളുടെ വിശേഷാൽ ചട്ടം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട തസ്തികകളും അവയുടെ യോഗ്യതകളും നിയമനരീതിയും ഉൾപ്പെടുത്തി കരട് ചട്ടം തയ്യാറാക്കി സമർപ്പിക്കുവാൻ കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഇത്തരം നിയമനങ്ങൾ എത്രയും പെട്ടെന്ന് നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ? | ബി) അനദ്ധ്യാപക തസ്തികകൾ പബ്ലിക് സർവീസ് കമ്മീഷന് വിട്ട സാഹചര്യത്തിൽ ടി തസ്തികകളുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കി അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ